ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# റോഡുവഴി ചരക്ക് കൊണ്ടുപോകൽ ആക്റ്റ്, 2007

(2007-ലെ 41-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE CARRIAGE BY ROAD ACT, 2007

**(Act No. 41 of 2007)**

(As on 15th February, 2013)

വില: 37 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2013.

# ആമുഖം

2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള റോഡുവഴി ചരക്ക് കൊണ്ടുപോകൽ ആക്റ്റ്, 2007 (2007-ലെ 41-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 5-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I -ാം വകുപ്പ്, I-ാം വാല്യം, 6-ാം നമ്പരായി 1 മുതൽ 16 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**പി. കെ. മൽഹോത്ര,**

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# PREFACE

This edition of the Carriage by Road Act, 2007 (Act No. 41 of 2007) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 6 dated 5th April, 2013 on pages 1 to 16.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

P. K. MALHOTRA,

*Secretary to the Government of India.*

GCPT. 3/3064/2013

# റോഡുവഴി ചരക്കു കൊണ്ടുപോകൽ ആക്റ്റ്, 2007

(2007-ലെ 41-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


| *വകുപ്പുകൾ* | | *പേജ്* |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | രജിസ്ട്രേഷൻ ഇല്ലാതെ ആളുകൾ പൊതുവാഹകന്റെ ബിസിനസിൽ ഏർപ്പെടുവാൻ പാടില്ലെന്ന് | 2 |
| 4. | രജിസ്ട്രേഷൻ അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള അപേക്ഷ | 3 |
| 5. | രജിസ്ട്രേഷൻ സസ്പെൻഡ്ചെയ്യലും റദ്ദാക്കലും | 5 |
| 6. | അപ്പീൽ | 7 |
| 7. | വാർഷിക റിട്ടേണിന്റെ സമർപ്പണം | 7 |
| 8. | ചരക്ക് അയച്ചുകൊടുക്കൽ നോട്ട് | 8 |
| 9. | ചരക്കു രസീത് | 8 |
| 10. | പൊതുവാഹകന്റെ ബാദ്ധ്യത | 8 |
| 11. | ഒരു ഉയർന്ന അപകടസാദ്ധ്യതയുള്ള അയച്ച ചരക്കിന്റെ കൊണ്ടുപോകലിന് പൊതുവാഹകൻ നിജപ്പെടുത്തേണ്ട ചാർജ്ജിന്റെ നിരക്കുകൾ | 9 |
| 12. | പൊതുവാഹകന്റെ ബാദ്ധ്യതയെ പരിമിതപ്പെടുത്തുന്ന/ഒഴിവാക്കുന്ന ഉപാധികൾ | 9 |
| 13. | മനുഷ്യജീവന് അപായകരമായതോ അപകടസാദ്ധ്യതാ സ്വഭാവമുള്ളതോ ആയ ചരക്കുകളുടെ കൊണ്ടുപോകലിനുള്ള വ്യവസ്ഥകൾ | 10 |
| 14. | ചില വിഭാഗത്തിലുള്ള ചരക്കുകളുടെ കൊണ്ടുപോകൽ നിരോധിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം | 10 |
| 15. | ചരക്ക് ഏറ്റുവാങ്ങുന്നയാളുടെ വീഴ്ചയുടെ സംഗതിയിൽ പൊതുവാഹകന്റെ അവകാശം | 10 |
| 16. | ഒരു വ്യവഹാരം ആരംഭിക്കുന്നതിനുള്ള നോട്ടീസ് | 11 |
| 17. | പൊതുവാഹകന്റെ സാമാന്യമായ ചുമതലകൾ | 12 |
| 18. | രജിസ്റ്റർ ചെയ്യാതിരിക്കലും, അപായകരമോ അപകടസാദ്ധ്യതാസ്വഭാവമുള്ളതോ നിരോധിക്കപ്പെട്ടതോ ആയ ചരക്കുകളുടെ കൊണ്ടുപോകലുമായി ബന്ധപ്പെട്ട ഉല്ലംഘനങ്ങൾക്കുള്ള ശിക്ഷ | 12 |
| 19. | കുറ്റങ്ങളുടെ രാജിയാക്കൽ | 13 |
| 20. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം | 13 |
| 21. | വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം | 15 |
| 22. | റദ്ദാക്കലും ഒഴിവാക്കലും | 15 |

# റോഡുവഴി ചരക്ക് കൊണ്ടുപോകൽ ആക്റ്റ്, 2007

(2007-ലെ 41-ാം നമ്പർ ആക്റ്റ്)

പൊതുവാഹകൻമാരെ, അവരുടെ ബാദ്ധ്യത പരിമിതപ്പെടുത്തിക്കൊണ്ട് നിയന്ത്രിക്കുന്നതിനും അവരുടെയോ അവരുടെ ജോലിക്കാരുടെയോ ഏജന്റുമാരുടെയോ ഉപേക്ഷ അല്ലെങ്കിൽ കുറ്റകരമായ കൃത്യങ്ങൾ വഴി ഉണ്ടായിട്ടുള്ള അവരെ ഏൽപ്പിച്ചുകൊടുത്ത ചരക്കുകളുടെ നഷ്ടപ്പെടലിന് അല്ലെങ്കിൽ അവയ്ക്കുള്ള കേടുപാടുകൾക്ക് അവരുടെ ബാദ്ധ്യത നിർണ്ണയിക്കുന്നതിനായി അങ്ങനെയുള്ള ചരക്കുകളുടെ മൂല്യം പ്രഖ്യാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയെട്ടാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. (1) ഈ ആക്റ്റിന് റോഡുവഴി ചരക്ക് കൊണ്ടുപോകൽ ആക്റ്റ്, 2007 എന്ന് പേര് പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങൾ.

(ക) "പൊതുവാഹകൻ" എന്നാൽ ഒരു ചരക്കുരസീതിൻകീഴിൽ ചരക്കുവാഹനങ്ങൾ വഴി വഹിക്കേണ്ട ചരക്കുകൾ ശേഖരിക്കുകയോ സംഭരിക്കുകയോ അയച്ചുകൊടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നതോ, റോഡ് വഴിയുള്ള യന്ത്രവൽകൃത പരിവഹണത്തിലൂടെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് ചരക്കുകൾ എല്ലാ ആളുകൾക്കും വിവേചനമില്ലാതെ വാടകയ്ക്ക് പരിവഹണം ചെയ്യുന്നതോ ആയ ബിസിനസിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നതും അതിൽ രേഖകളുടെയോ ചരക്കുകളുടെയോ പദാർത്ഥങ്ങളുടെയോ, അങ്ങനെയുള്ള രേഖകളോ ചരക്കുകളോ പദാർത്ഥങ്ങളോ വഹിക്കുന്നതിനോ അവയെ അനുഗമിക്കുന്നതിനോ ഒരാളിന്റെ സേവനങ്ങൾ നേരിട്ടോ നേരിട്ടല്ലാതെയോ ഉപയോഗിച്ച്, വീടുതോറുമുള്ള പരിവഹണത്തിൽ ഏർപ്പെട്ടിട്ടുള്ള ചരക്ക് ബുക്ക് ചെയ്യുന്ന ഒരു കമ്പനിയും കരാറുകാരനും ഏജന്റും ദല്ലാളും കൊറിയർ ഏജൻസിയും ഉൾപ്പെടുന്നതും എന്നാൽ സർക്കാർ ഉൾപ്പെടാത്തതുമാകുന്നു;

3/3064/2013/DTP.

(ഖ) "ചരക്ക് ഏറ്റുവാങ്ങേണ്ട ആൾ" എന്നാൽ ചരക്ക് അയച്ചുകൊടുക്കൽ നോട്ടിൽ ചരക്ക് ഏറ്റുവാങ്ങേണ്ട ആൾ ആയി പേരുവച്ചിട്ടുള്ള ആൾ എന്നർത്ഥമാകുന്നു;

(ഗ) "അയച്ചചരക്ക്" എന്നാൽ ചര്ക്ക് കൊണ്ടുപോകുന്നതിനായി ചരക്ക് അയയ്ക്കുന്ന ആളിനാൽ പൊതുവാഹകനെ ഏൽപ്പിച്ചിട്ടുള്ള ചരക്ക് അയച്ചുകൊടുക്കൽ നോട്ടിൽ വിവരണമോ വിശദവിവരങ്ങളോ നൽകിയിട്ടുള്ള രേഖകളോ ചരക്കുകളോ പദാർത്ഥങ്ങളോ എന്നർത്ഥമാകുന്നു;

(ഘ) "ചരക്ക് അയയ്ക്കുന്ന ആൾ" എന്നാൽ ചരക്ക് അയച്ചുകൊടുക്കൽ നോട്ടിൽ ചരക്ക് അയയ്ക്കുന്ന ആളായി പേര് വച്ചിട്ടുള്ള, ആരാലാണോ അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ അങ്ങനെയുള്ള അയച്ചുകൊടുക്കൽ നോട്ടിൽ ഉൾപ്പെട്ട രേഖകളോ ചരക്കുകളോ പദാർത്ഥങ്ങളോ അതിന്റെ കൊണ്ടുപോകലിനായി പൊതുവാഹകനെ ഏൽപ്പിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഒരാൾ എന്നർത്ഥമാകുന്നു;

(ങ) "ചരക്കുകൾ" എന്നതിൽ—

(i) ചരക്കുകൾ കൂട്ടിവയ്ക്കുന്നതിന് ഉപയോഗിക്കുന്ന കണ്ടെയിനറുകൾ, തട്ടുകൾ അഥവാ പരിവഹണത്തിനുള്ള സദൃശമായ വസ്തുക്കൾ; കൂടാതെ

(ii) മൃഗങ്ങൾ അഥവാ കന്നുകാലികൾ,
എന്നിവ ഉൾപ്പെടുന്നു;

(ച) "ചരക്ക് അയച്ചുകൊടുക്കൽ നോട്ട്" എന്നാൽ 8-ാം വകുപ്പ് പ്രകാരം ഒപ്പിട്ടുപൂർത്തീകരിച്ച രേഖ എന്നർത്ഥമാകുന്നു;

(ഛ) "ചരക്ക് രസീത്" എന്നാൽ 9-ാം വകുപ്പ് പ്രകാരം നൽകിയ രസീത് എന്നർത്ഥമാകുന്നു;

(ജ) "ആൾ" എന്നതിൽ ഏകാംഗീകൃതമോ അല്ലാത്തതോ ആയ ആളുകളുടെ ഏതെങ്കിലും സമാജവും അല്ലെങ്കിൽ നികായവും ഒരു റോഡ് ട്രാൻസ്പോർട്ട് ബുക്കിംഗ് കമ്പനിയും കരാറുകാരനും ഒരു പൊതുവാഹകന്റെ ബിസിനസ് നടത്തുന്ന ഒരു ഏജന്റും അല്ലെങ്കിൽ ഒരു ബ്രോക്കറും ഉൾപ്പെടുന്നു;

(ഝ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

1988-ലെ 59

(ഞ) "രജിസ്റ്ററിംഗ് അതോറിറ്റി" എന്നാൽ 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിന്റെ 68-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റി അല്ലെങ്കിൽ ഒരു റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി എന്നർത്ഥമാകുന്നു;

(ട) "രജിസ്ട്രേഷൻ" എന്നാൽ 4-ാം വകുപ്പിന്റെ (5)-ാം ഉപവകപ്പ് പ്രകാരം നൽകിയതോ പുതുക്കിയതോ ആയ രജിസ്ട്രേഷൻ എന്നർത്ഥമാകുന്നു.

രജിസ്ട്രേഷൻ ഇല്ലാതെ ആളുകൾ പൊതുവാഹകന്റെ ബിസിനസിൽ ഏർപ്പെടുവാൻ പാടില്ലെന്ന്.

3. (1) യാതൊരാളും, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് ശേഷം, അയാൾക്ക് ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തപക്ഷം ഒരു പൊതുവാഹകന്റെ ബിസിനസിൽ ഏർപ്പെടുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഒരു പൊതുവാഹകന്റെ ബിസിനസിൽ പൂർണ്ണമായോ ഭാഗികമായോ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ,—

(ക) അങ്ങനെയുള്ള പ്രാരംഭത്തിന്റെ തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്കകം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതാണ്;

(ഖ) അങ്ങനെയുള്ള പ്രാരംഭത്തിന്റെ തീയതി മുതൽ നൂറ്റി എൺപത് ദിവസങ്ങൾ അവസാനിക്കുമ്പോൾ അദ്ദേഹം രജിസ്ട്രേഷന് അപേക്ഷിക്കുകയും രജിസ്റ്ററിംഗ് അതോറിറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യാത്തപക്ഷം അങ്ങനെയുള്ള ബിസിനസിൽ ഏർപ്പെടുന്നത് അവസാനിപ്പിക്കേണ്ടതാണ്.

രജിസ്ട്രേഷൻ അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള അപേക്ഷ.

4. (1) ഒരു പൊതുവാഹകന്റെ ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെടുവാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും ആൾ, രജിസ്റ്ററിംഗ് അതോറിറ്റിക്ക് പൊതുവാഹകന്റെ ബിസിനസ് നടത്തിക്കൊണ്ടുപോകുന്നതിന് വേണ്ടിയുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് അല്ലെങ്കിൽ പുതുക്കുന്നതിന് അപേക്ഷിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ, അപേക്ഷകൻ താമസിക്കുന്ന പ്രദേശത്ത് അല്ലെങ്കിൽ അയാളുടെ പ്രധാന ബിസിനസ് സ്ഥലത്ത് അധികാരിതയുള്ള രജിസ്റ്ററിംഗ് അതോറിറ്റിക്ക്, അപേക്ഷ പ്രധാന ആഫീസിനുവേണ്ടിയുള്ളതാണെന്ന് പ്രസ്താവിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും രജിസ്റ്ററിംഗ് അതോറിറ്റിക്ക് കൊടുക്കേണ്ടതായ അങ്ങനെയുള്ള ഫീസ് സഹിതം നൽകേണ്ടതാണ്.

(3) പ്രധാന ആഫീസിനുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനോ പുതുക്കുന്നതിനോ ഉള്ള ഒരു അപേക്ഷ പ്രധാന ആഫീസ് രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ സംസ്ഥാനത്തിന്റെ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തിന്റെ അധികാരിതയ്ക്കു പുറത്ത് പ്രവർത്തിക്കേണ്ടതായിട്ടുള്ള ശാഖാ ആഫീസ്, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിന്റെ വിവരങ്ങൾ അടങ്ങുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലുമുള്ളതും ആയിരിക്കേണ്ടതാണ്:

എന്നാൽ ഒരു ശാഖാ ആഫീസ് ആരംഭിക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്ന ആവശ്യത്തിലേക്കുള്ള ഒരു അപേക്ഷ പ്രധാന ആഫീസിനുമേൽ അധികാരിതയുള്ള രജിസ്റ്ററിംഗ് അതോറിറ്റിക്ക് നൽകേണ്ടതാണ്.

(4) ഒരു രജിസ്റ്ററിംഗ് അതോറിറ്റി, ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനോ പുതുക്കുന്നതിനോ മുൻപ്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾ അപേക്ഷകൻ നിറവേറ്റിയിട്ടുണ്ടെന്ന് സ്വയം ബോദ്ധ്യപ്പെടേണ്ടതാണ്.

(5) രജിസ്റ്ററിംഗ് അതോറിറ്റിക്ക്, (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരമുള്ള ഒരു അപേക്ഷ സ്വീകരിച്ചതിന്മേലും അപേക്ഷകൻ (4)-ാം ഉപവകുപ്പിന്റെ ആവശ്യകതകൾ നിറവേറ്റിയിട്ടുണ്ടെന്ന് സ്വയം ബോദ്ധ്യപ്പെട്ടതിനുശേഷവും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും, ഒരു പൊതുവാഹകന്റെ ബിസിനസ് നടത്തുന്നതിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ, അതതുസംഗതിപോലെ, അത് പുതുക്കുകയോ, ചെയ്യാവുന്നതാണ്:

എന്നാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനോ പുതുക്കുന്നതിനോ ഉള്ള യാതൊരു അപേക്ഷയും രജിസ്റ്ററിംഗ് അതോറിറ്റി, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകുകയും

അങ്ങനെയുള്ള അപേക്ഷ സ്വീകരിച്ച തീയതി മുതൽ അറുപത് ദിവസങ്ങൾക്കകം അങ്ങനെയുള്ള നിരസിക്കലിന്റെ കാരണങ്ങൾ ലിഖിതമായി രജിസ്റ്ററിംഗ് അതോറിറ്റി നൽകുകയും ചെയ്യാത്തപക്ഷം നിരസിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല അപേക്ഷ തീയതിയുടെ അറുപത് ദിവസങ്ങൾക്കകം അങ്ങനെയുള്ള നിരസിക്കൽ അറിയിച്ചിട്ടില്ലെങ്കിൽ, മുപ്പത് ദിവസത്തെ ഒരു കൂടുതൽ കാലയളവിനുള്ളിൽ രജിസ്റ്ററിംഗ് അതോറിറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ പുതുക്കുകയോ ചെയ്യേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരം നൽകിയതോ പുതുക്കിയതോ ആയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അതതുസംഗതിപോലെ, വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും പ്രവർത്തിക്കേണ്ടതായ ശാഖാ ആഫീസുകളുടെ വിശദവിവരങ്ങൾ അടങ്ങിയതായിരിക്കേണ്ടതും അങ്ങനെയുള്ള നൽകലിന്റെയോ പുതുക്കലിന്റെയോ തീയതി മുതൽ പത്ത് വർഷം വരെയുള്ള ഒരു കാലയളവിലേക്ക് സാധുതയുള്ളതായിരിക്കേണ്ടതുമാണ്:

എന്നാൽ (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ശാഖാ ആഫീസുകളെ സംബന്ധിച്ചുള്ള രജിസ്ട്രേഷന്റെ സംഗതിയിൽ, അങ്ങനെയുള്ള രജിസ്ട്രേഷന്റെ സാധുത പ്രധാന ആഫീസിനെ സംബന്ധിച്ച് നൽകിയിട്ടുള്ള രജിസ്ട്രേഷന്റെ സാധുതയ്ക്ക് പരിമിതപ്പെട്ടിരിക്കുന്നതാണ്.

(7) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ—

(ക) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ഒരു രജിസ്റ്റർ വച്ചുപോരേണ്ടതാണ്;

(ഖ) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള പ്രധാന ആഫീസ് മാറ്റുന്നതിന് വേണ്ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയ രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള രജിസ്റ്ററിംഗ് അതോറിറ്റി അങ്ങനെയുള്ള അപേക്ഷ സ്വീകരിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം പ്രധാന ആഫീസ് മാറ്റുന്നതിനുള്ള അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ടതും രജിസ്റ്ററിംഗ് അതോറിറ്റി, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകുകയും അങ്ങനെയുള്ള നിരസിക്കലിന്റെ കാരണങ്ങൾ ലിഖിതമായി നൽകുകയും ചെയ്യാത്തപക്ഷം പ്രധാന ആഫീസ് മാറ്റുന്നതിനുള്ള ഒരു അപേക്ഷയും നിരസിക്കുവാൻ പാടില്ലാത്തതുമാണ്:

എന്നുമാത്രമല്ല രജിസ്റ്ററിംഗ് അതോറിറ്റി മുപ്പത് ദിവസങ്ങൾക്കകം ഒന്നുകിൽ അനുമതി നൽകുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യാത്ത സംഗതിയിൽ മാറ്റുന്നതിനുള്ള അനുമതി നൽകപ്പെട്ടതായി കരുതപ്പെടേണ്ടതാണ്;

(ഗ) പ്രധാന ആഫീസ് സ്ഥിതി ചെയ്യുന്നിടത്ത് അധികാരിതയുള്ള രജിസ്റ്ററിംഗ് അതോറിറ്റിയ്ക്കും റോഡ് ഗതാഗതവും ഹൈവേകളും കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയത്തിന്റെയോ അല്ലെങ്കിൽ വകുപ്പിന്റെയോ ഗതാഗത ഗവേഷണ വിഭാഗത്തിനും ഓരോ വർഷത്തെയും മാർച്ച് മാസത്തെ മുപ്പത്തിഒന്നാമത്തെ ദിവസത്തിന് ശേഷമുള്ള നൂറ്റി ഇരുപത് ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരവും റിട്ടേണും സമർപ്പിക്കേണ്ടതാണ്;

(ഘ) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അസ്സലോ അല്ലെങ്കിൽ ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിയോ ഒരു നോട്ടറിയോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയ അതിന്റെ പകർപ്പോ അതിന്റെ പ്രധാന ആഫീസിന്റെയും ഓരോ ശാഖാ ആഫീസ് ഏതെങ്കിലും ഉണ്ടെങ്കിൽ, അതിന്റെയും ശ്രദ്ധയാകർഷിക്കുന്ന ഒരു സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

(8) ചരക്ക് അയച്ചുകൊടുക്കൽ നോട്ടിൽ അല്ലെങ്കിൽ ചരക്ക് രസീതിൽ പരാമർശിച്ചിട്ടുള്ള രജിസ്ട്രേഷൻ നമ്പരിലുള്ള മോട്ടോർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന മൊത്തം വാഹനഭാരത്തിന് അതീതമായി ഒരു പൊതുവാഹകൻ മോട്ടോർ വാഹനത്തിൽ ഭാരം കയറ്റുവാൻ പാടില്ലാത്തതും അങ്ങനെയുള്ള വാഹനത്തിൽ മൊത്തം വാഹനഭാരത്തിന് അതീതമായി ഭാരം കയറ്റപ്പെടുന്നതിന് പൊതുവാഹകൻ അനുവദിക്കുവാൻ പാടില്ലാത്തതുമാണ്.

രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യലും റദ്ദാക്കലും.

5. (1) 4-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ പാലിക്കുന്നതിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ വീഴ്ചവരുത്തിയെന്ന് രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് ബോദ്ധ്യമായാൽ രജിസ്റ്റേർഡ് തപാൽ വഴിയോ അല്ലെങ്കിൽ ഇലക്ട്രോണിക് മാദ്ധ്യമം മുഖേനയോ അല്ലെങ്കിൽ പരിശോധിക്കാവുന്ന ഏതെങ്കിലും മാർഗ്ഗം വഴിയോ മുപ്പത് ദിവസക്കാലയളവിനുള്ളിൽ തെറ്റ് തിരുത്തുന്നതിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് ഒരു നോട്ടീസ് നൽകാവുന്നതും, അങ്ങനെയുള്ള കൈവശക്കാരൻ അപ്രകാരം ചെയ്യുന്നതിൽ വിഴ്ച വരുത്തുന്ന സംഗതിയിൽ അന്വേഷണം പൂർത്തിയാകുന്നതിൻമേൽ അതിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതുമാണ്.

(2) ഒരു പൊതു വാഹകനെതിരായി ചരക്ക് അയയ്ക്കുന്ന ഒരാളിൽ നിന്നും രജിസ്റ്ററിംഗ് അതോറിറ്റിക്ക്,—

(i) ചരക്കുകളുടെ രസീത് നൽകാത്തതിനെയോ;

(ii) സഞ്ചാരമാർഗ്ഗത്തിൽ ചരക്കുകളുടെ അപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് ചരക്ക് അയയ്ക്കുന്ന ആളോ ചരക്ക് ഏറ്റുവാങ്ങേണ്ടയാളോ ചോദിക്കുമ്പോൾ വെളിപ്പെടുത്താതിരിക്കുന്നതിനെയോ;

(iii) ഏൽപിച്ചുകൊടുക്കുന്നതിനുള്ള ചരക്കുകൾ സാധുവായ കാരണങ്ങളില്ലാതെ തടഞ്ഞുവയ്ക്കുന്നതിനെയോ;

(iv) നേരത്തെ ചരക്ക് അയയ്ക്കുന്ന ആളും ചരക്ക് ഏറ്റുവാങ്ങുന്ന ആളും തമ്മിൽ വെളിപ്പെടുത്തിയിട്ടില്ലാത്തതോ സമ്മതിച്ചിട്ടില്ലാത്തതോ ആയ ന്യായമല്ലാത്ത കൂടുതൽ ചാർജ്ജുകൾ ചരക്കുകൾ ഏൽപിച്ചു കൊടുക്കുന്ന സമയത്ത് ആവശ്യപ്പെടുന്നതിനെയോ;

(v) സമ്മതിച്ചതും ട്രക്ക് ഉടമകൾക്ക് കൊടുക്കേണ്ടതുമായ ചാർജ്ജുകൾ കൊടുക്കാതിരിക്കുന്നതിനെയോ,

സംബന്ധിച്ച് ഒരു പരാതി ലഭിക്കുകയാണെങ്കിൽ, അവ മുപ്പത് ദിവസങ്ങൾക്കകമുള്ള ഒരു കാലയളവിനുള്ളിൽ തെററ് തിരുത്തുന്നതിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് രജിസ്റ്റർ ചെയ്ത തപാൽ വഴിയോ അല്ലെങ്കിൽ ഇലക്ട്രോണിക് മാദ്ധ്യമം മുഖേനയോ അല്ലെങ്കിൽ പരിശോധിക്കാവുന്ന ഏതെങ്കിലും മാർഗ്ഗം വഴിയോ അതിന് നോട്ടീസ്

നൽകാവുന്നതും അങ്ങനെയുള്ള കൈവശക്കാരൻ അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന സംഗതിയിൽ, ആ അന്വേഷണം പൂർത്തിയാകുന്നതിന്മേൽ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ഒരു കാലയളവിലേക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അതിന് റദ്ദാക്കാവുന്നതാണ്.

1988-ലെ 59 (3) 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റ് പ്രകാരം അപ്രകാരം പ്രാധികാരപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിംഗ് അതോറിറ്റിയ്ക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും അതോറിറ്റിയ്ക്കോ 4-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പിലെ വ്യവസ്ഥയുടെ ലംഘനത്തിന്റെ തെളിവ് ലഭിച്ചിട്ടുണ്ടെങ്കിൽ, 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിന്റെ 194-ാം വകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള പിഴ, അങ്ങനെയുള്ള ചരക്ക് വാഹനത്തിന്റെ ഡ്രൈവറുടെയോ അല്ലെങ്കിൽ ഉടമയുടെയോ അല്ലെങ്കിൽ ചരക്ക് അയയ്ക്കുന്ന ആളുടെയോ മേൽ, അതതുസംഗതിപോലെ, അങ്ങനെയുള്ള പിഴ നേരത്തെതന്നെ ചുമത്തുകയും അവരിൽ നിന്നും ഈടാക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നാലും പൊതുവാഹകനുമേൽ ചുമത്തുന്നതിന് അതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് അന്വേഷണത്തിൽ പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകുകയും രജിസ്റ്ററിംഗ് അതോറിറ്റി അങ്ങനെയുള്ള നടപടിയുടെ കാരണങ്ങൾ ലിഖിതമായി നൽകുകയും ചെയ്യാത്തപക്ഷം (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിനുള്ള ഏതെങ്കിലും നടപടി എടുക്കുവാൻ പാടില്ലാത്തതാണ്.

(5) പൊതുവാഹകന്റെ പ്രധാന ആഫീസ് സ്ഥിതി ചെയ്യുന്നിടത്ത് അധികാരിതയുള്ള രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരമുള്ള നടപടിയെടുക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത ഉപവകുപ്പുകൾ പ്രകാരമുള്ള ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടതോ പരാതികൾ ലഭിച്ചതോ ആയ മറ്റേതെങ്കിലും രജിസ്റ്ററിംഗ് അതോറിറ്റി പ്രധാന ആഫീസിനുമേൽ അധികാരിതയുള്ള രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് അങ്ങനെയുള്ള സംഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(6) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുമ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ മുപ്പത് ദിവസക്കാലയളവിനുള്ളിൽ രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തിരികെ ഏൽപ്പിക്കേണ്ടതും ഒരു പൊതുവാഹകൻ ഏതെങ്കിലും ചരക്ക് അയയ്ക്കുന്ന ആളിൽ നിന്നും സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിനുമുമ്പ് സ്വീകരിച്ചിട്ടുള്ള ചരക്ക് അയയ്ക്കലുകളെ സംബന്ധിച്ചുള്ള ഏൽപിച്ചുകൊടുക്കലും ഇടപാടുകളും പൂർത്തിയാക്കുന്നത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന്റെ അവശ്യകർത്തവ്യമായിരിക്കുന്നതുമാണ്.

(7) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് ഏത് സമയത്തും രജിസ്ട്രേഷൻ നൽകിയിട്ടുള്ളതായ രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് സർട്ടിഫിക്കറ്റ് തിരികെ ഏൽപ്പിക്കാവുന്നതും അങ്ങനെയുള്ള ഒരു തിരികെ ഏൽപ്പിക്കലിന്മേൽ, അയാൾക്കെതിരെ ഒരു ബാദ്ധ്യതയും നിലനിൽക്കുന്നില്ല എന്നും, ബാദ്ധ്യസ്ഥനാക്കപ്പെട്ടാൽ അയാൾ അങ്ങനെയുള്ള ബാദ്ധ്യത തീർക്കുമെന്നുമുള്ള ഒരു പ്രഖ്യാപനം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരനിൽ നിന്നും വാങ്ങിയതിനുശേഷം രജിസ്റ്ററിംഗ് അതോറിറ്റിക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതുമാണ്:

എന്നാൽ തിരികെ ഏൽപ്പിക്കൽ ഒരു ശാഖാ ആഫീസിനെ സംബന്ധിച്ചാണെങ്കിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ നിന്നും ശാഖാ ആഫീസിനെ സംബന്ധിച്ചുള്ള എൻഡോഴ്സ്മെന്റ് നീക്കം ചെയ്യേണ്ടതും പ്രധാന ആഫീസിനുമേൽ അധികാരിതയുള്ള രജിസ്റ്ററിംഗ് അതോറിറ്റി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അതോറിറ്റികളെ അങ്ങനെയുള്ള നീക്കംചെയ്യൽ അറിയിക്കേണ്ടതുമാണ്.

6. (1) ഈ ആക്റ്റ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നത് നിരസിക്കുന്ന അല്ലെങ്കിൽ ഒരു രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്ന രജിസ്റ്ററിംഗ് അതോറിറ്റിയുടെ ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിന്റെ 89-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിന് അങ്ങനെയുള്ള ഉത്തരവിന്റെ തീയതി മുതൽ അറുപത് ദിവസങ്ങൾക്കകം അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ. 1988-ലെ 59

(2) രജിസ്റ്ററിംഗ് അതോറിറ്റിയുടെ ഉത്തരവിനുള്ള ആക്ഷേപത്തിന്റെ കാരണങ്ങൾ പ്രതിപാദിക്കുന്ന ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിൽ അസ്സലിനുപുറമേ ഒരു പകർപ്പോടുകൂടിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് സഹിതവും (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപ്പീൽ സമർപ്പിക്കേണ്ടതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളുടെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് പ്രാബല്യത്തിലുണ്ടായിരുന്നപോലെ 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിന്റെ 89-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകളുടെ വ്യവസ്ഥകൾ, അപ്പീലിനെ സംബന്ധിച്ച്, മുൻപറഞ്ഞ വ്യവസ്ഥകൾ ഈ ആക്റ്റുപ്രകാരം അധിനിയമം ചെയ്യാതിരുന്നുവെന്നപോലെ, അതിലെ "പെർമിറ്റ്" എന്ന ഏതെങ്കിലും പരാമർശത്തിന് "രജിസ്ട്രേഷൻ" എന്ന ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതാണ് എന്ന രൂപഭേദപ്പെടുത്തലിനു വിധേയമായി, കഴിയുന്നിടത്തോളം, ഓരോ അപ്പീലിനും ബാധകമാകുന്നതാണ്. 1988-ലെ 59

7. ഓരോ സംസ്ഥാനത്തെയും അഥവാ കേന്ദ്രഭരണപ്രദേശത്തെയും സംബന്ധിച്ച സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റി, 4-ാം വകുപ്പിന്റെ (7)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരം രജിസ്ട്രേഷൻ കൈവശമുള്ളവരിൽ നിന്നും സ്വീകരിക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ ആ സംസ്ഥാനത്തിലെ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തിലെ, അതതുസംഗതിപോലെ, പൊതുവാഹകൻമാർ കൊണ്ടുപോയ ചരക്കുകളുടെ വിവരങ്ങൾ നൽകുന്ന ഒരു സഞ്ചിത വാർഷിക റിട്ടേൺ റോഡ് ഗതാഗതവും ഹൈവേകളും കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയത്തിനോ വകുപ്പിനോ വാർഷികമായി സമർപ്പിക്കേണ്ടതാണ്. വാർഷിക റിട്ടേണിന്റെ സമർപ്പണം.

ചരക്ക് അയച്ചു കൊടുക്കൽ നോട്ട്.

8. (1) ഓരോ ചരക്ക് അയയ്ക്കുന്ന ആളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അയച്ച ചരക്കിന്റെ മൂല്യത്തെയും അപായകരവും അപകടസാദ്ധ്യതയുള്ളതുമായ ചരക്കുകളെയും സംബന്ധിച്ച ഒരു പ്രഖ്യാപനം ഉൾക്കൊള്ളുന്ന ഒരു ചരക്ക് അയച്ചുകൊടുക്കൽ നോട്ട് ഒപ്പിട്ടു പൂർത്തീകരിക്കേണ്ടതാണ്.

(2) ചരക്ക് അയച്ചുകൊടുക്കൽ നോട്ടിൽ ചരക്ക് അയയ്ക്കുന്ന ആൾ നൽകുന്ന വിവരങ്ങളുടെ കൃത്യതയ്ക്ക് അയാൾ ഉത്തരവാദിയാകുന്നതാണ്.

(3) ചരക്ക് അയച്ചുകൊടുക്കൽ നോട്ടിലെ വിവരങ്ങളുടെ കൃത്യത യില്ലായ്മയോ അപൂർണ്ണതയോ കാരണമായി പൊതുവാഹകൻ സഹിക്കുന്ന ഏതെങ്കിലും നഷ്ടത്തിന് ചരക്ക് അയയ്ക്കുന്ന ആൾ നഷ്ടോത്തരവാദം ചെയ്യേണ്ടതാണ്.

ചരക്ക് രസീത്.

9. (1) ഒരു പൊതുവാഹകൻ,—

(ക) ചരക്ക് അയയ്ക്കുന്ന ആൾ ചരക്കുകൾ കയറ്റേണ്ട സംഗതിയിൽ, അങ്ങനെ കയറ്റുന്നത് പൂർത്തീകരിക്കുന്നതിൻമേൽ; അല്ലെങ്കിൽ

(ഖ) മറ്റേതെങ്കിലും സംഗതിയിൽ അയാൾ ചരക്കുകൾ സ്വീകരിക്കുന്നതിൻമേൽ,

നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ഒരു ചരക്കുരസീത് നൽകേണ്ടതാണ്.

(2) ചരക്കു രസീത് മൂന്ന് പകർപ്പുകളായി നൽകേണ്ടതും, അസ്സൽ പകർപ്പ് ചരക്ക് അയയ്ക്കുന്ന ആൾക്ക് നൽകേണ്ടതുമാണ്.

(3) ചരക്കു രസീത് ചരക്കുകളുടെ ഭാരത്തിന്റെയും അല്ലെങ്കിൽ അളവിന്റെയും മറ്റ് വിവരങ്ങളുടെയും അതിൽ പറഞ്ഞിരിക്കുന്ന പാക്കേജു കളുടെ എണ്ണത്തിന്റെയും പ്രഥമദൃഷ്ട്യാ ഉള്ള തെളിവ് ആയിരിക്കേണ്ടതാണ്.

(4) ചരക്കു രസീത് 10-ാം വകുപ്പോ 11-ാം വകുപ്പോ പ്രകാരമുള്ള ബാദ്ധ്യതയെ സംബന്ധിച്ചുള്ള പൊതുവാഹകന്റെ ഒരു ഉറപ്പ് ഉൾപ്പെടുന്നതായിരിക്കേണ്ടതാണ്.

പൊതുവാഹകന്റെ ബാദ്ധ്യത.

10. (1) ഏതെങ്കിലും അയച്ച ചരക്കിന്റെ നഷ്ടപ്പെടലിനോ, കേടുപാടുകൾക്കോ പൊതുവാഹകന്റെ ബാദ്ധ്യത, 11-ാം വകുപ്പു പ്രകാരം പൊതുവാഹകൻ നിജപ്പെടുത്തിയ ഉയർന്ന അപകടസാദ്ധ്യതാ നിരക്ക് നൽകുന്നതിന് ചരക്ക് അയയ്ക്കുന്ന ആളോ അല്ലെങ്കിൽ അതിലേയ്ക്കായി യഥാവിധി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ പ്രകടമായി ഉറപ്പുനൽകാത്തപക്ഷം, അയച്ചചരക്കുകളുടെയോ രേഖകളുടെയോ പദാർത്ഥങ്ങളുടെയോ മൂല്യം, ചരക്കുകൂലി, ചരക്കുകളുടെ സ്വഭാവം എന്നിവ പരിഗണിച്ചുകൊണ്ട് നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള തുകയ്ക്ക് പരിമിതപ്പെട്ടിരിക്കുന്നതാണ്.

(2) ചരക്ക് അയയ്ക്കുന്ന ആളാലും പൊതുവാഹകനാലും അല്ലെങ്കിൽ അവർ തമ്മിലും പരസ്പരം സമ്മതിച്ചേക്കാവുന്ന അങ്ങനെ യുള്ള കാലയളവുവരെയുള്ളതും ചരക്ക് അയച്ചുകൊടുക്കൽ നോട്ടിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ ഏതെങ്കിലും കാലതാമസ ത്തിന്റെ സംഗതിയിൽ അങ്ങനെയുള്ള അയച്ചചരക്കിന് തൽഫലമായു ണ്ടാകുന്ന നഷ്ടമോ കേടുപാടോ ഉൾപ്പെടെ, പൊതുവാഹകന്റെ ബാദ്ധ്യത, അങ്ങനെയുള്ള നഷ്ടമോ കേടുപാടോ കാലതാമസമോ അയച്ച ചരക്ക് അങ്ങനെയുള്ള പൊതുവാഹകന്റെ ചുമതലയിൽ ആയിരുന്നപ്പോൾ സംഭവിച്ചിട്ടുള്ളിടത്ത്, ചരക്കുകൂലിയുടെ തുകയ്ക്ക് പരിമിതപ്പെട്ടിരിക്കുന്നതാണ്:

എന്നാൽ ചരക്ക് അയച്ചുകൊടുക്കൽ നോട്ടിൽ അപ്രകാരം സമ്മതിക്കപ്പെട്ട കാലയളവിന് അപ്പുറത്ത്, (1)-ാം ഉപവകുപ്പിന് അഥവാ 11-ാം വകുപ്പിന് അനുസൃതമായ നഷ്ടപരിഹാരം നൽകേണ്ടതാണ്:

എന്നുമാത്രമല്ല അയച്ചചരക്കിന്റെ അങ്ങനെയുള്ള നഷ്ടമോ കേടുപാടോ അല്ലെങ്കിൽ അതിന്റെ ഏല്പിച്ചുകൊടുക്കലിലെ കാലതാമസമോ ഉണ്ടായത് പൊതുവാഹകന്റെയോ അയാളുടെ ജോലിക്കാരുടെയോ ഏജന്റുമാരുടെയോ വീഴ്ചയോ ഉപേക്ഷയോ കൊണ്ടല്ല എന്ന് അങ്ങനെയുള്ള വാഹകൻ തെളിയിക്കുകയാണെങ്കിൽ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

ഒരു ഉയർന്ന അപകട സാദ്ധ്യതയുള്ള അയച്ച ചരക്കിന്റെ കൊണ്ടുപോകലിന് പൊതുവാഹകൻ നിജപ്പെടുത്തേണ്ട ചാർജ്ജിന്റെ നിരക്കുകൾ.

11. ഏതൊരു പൊതുവാഹകനും ഒരു പ്രത്യേക അയച്ചചരക്ക് കൊണ്ടുപോകുന്നതിന് അയാൾ ഏറ്റെടുക്കുന്ന ഉയർന്ന അപകടസാദ്ധ്യതയ്ക്ക് അയാൾ നിജപ്പെടുത്താവുന്ന അങ്ങനെയുള്ള ചാർജ്ജിന്റെ നിരക്ക് ആവശ്യപ്പെടാവുന്നതും ക്രമാനുഗതമായി അയാളുടെ ബാദ്ധ്യത ചരക്ക് അയയ്ക്കുന്ന ആളുമായി സമ്മതിച്ചേക്കാവുന്ന നിബന്ധനകൾക്ക് അനുസൃതമാകുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള വാഹകനെ അയാളുടെ സാധാരണ ചാർജ്ജിന്റെ നിരക്കിനെക്കാൾ ഉയർന്ന ഒരു നിരക്കിലുള്ള പണം നൽകലിന് അവകാശവാദമുന്നയിക്കുവാൻ അർഹനാക്കുന്നതിന്, പൊതുവാഹകന്റെ ബിസിനസ് നടത്തുന്ന സ്ഥലത്ത് അല്ലെങ്കിൽ പരിസരത്ത് ഇംഗ്ലീഷിലോ അല്ലെങ്കിൽ ആ സംസ്ഥാനത്തിന്റെ പ്രാദേശിക ഭാഷയിലോ ഉള്ള അച്ചടിച്ചതോ എഴുതപ്പെട്ടതോ ആയ ഒരു നോട്ടീസ് അയാൾ പ്രദർശിപ്പിച്ചിട്ടുണ്ടായിരിക്കേണ്ടതാണ്.

പൊതുവാഹകന്റെ ബാദ്ധ്യതയെ പരിമിതപ്പെടുത്തുന്ന/ഒഴിവാക്കുന്ന ഉപാധികൾ.

12. (1) പൊതുവാഹകന്റെയോ അയാളുടെ ഏതെങ്കിലും ജോലിക്കാരുടെയോ ഏജന്റുമാരുടെയോ ഏതെങ്കിലും കുറ്റകരമായ കൃത്യം കാരണമായി ഏതെങ്കിലും അയച്ചചരക്കിന് നഷ്ടമോ കേടുപാടോ ഉണ്ടാകുന്നിടത്ത്, അങ്ങനെയുള്ള നഷ്ടത്തിനോ കേടുപാടിനോ ചരക്ക് അയച്ചുകൊടുക്കൽ നോട്ടിന് അനുസൃതമായി ഏതൊരു പൊതുവാഹകനും ചരക്ക് അയയ്ക്കുന്ന ആളിനോട് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) അയച്ച ചരക്കിന്റെ നഷ്ടത്തിനോ കേടുപാടുകൾക്കോ ഏൽപ്പിച്ചു കൊടുക്കാതിരിക്കലിനോ പൊതുവാഹകന് എതിരായി കൊണ്ടുവന്നിട്ടുള്ള ഏതെങ്കിലും വ്യവഹാരത്തിൽ, അങ്ങനെയുള്ള നഷ്ടമോ കേടുപാടോ ഏൽപ്പിച്ചുകൊടുക്കാതിരിക്കലോ പൊതുവാഹകന്റെയോ അയാളുടെ ഏതെങ്കിലും ജോലിക്കാരുടെയോ ഏജന്റുമാരുടെയോ ഉപേക്ഷയോ കുറ്റകരമായ കൃത്യമോ കാരണമായിരുന്നുവെന്ന് വാദിക്ക് തെളിയിക്കേണ്ട ആവശ്യമില്ലാത്തതാണ്.

(3) ഏതെങ്കിലും അയച്ചചരക്ക് പരിശോധനയ്ക്കോ സൂക്ഷ്മ പരിശോധനയ്ക്കോ ആയി ഒരു ക്ഷമതയുള്ള അധികാരസ്ഥാനം തടഞ്ഞുവയ്ക്കുകയും അങ്ങനെയുള്ള പരിശോധനയിലോ സൂക്ഷ്മ പരിശോധനയിലോ ചരക്ക് അയച്ചുകൊടുക്കൽ നോട്ടിൽ വിവരിച്ചിട്ടില്ലാത്ത ചില നിരോധിക്കപ്പെട്ട ചരക്കുകളോ അടയ്ക്കേണ്ട നികുതി അടയ്ക്കാത്തതോ അപര്യാപ്തമായി അടച്ചതോ ആയ ചരക്കുകളോ ചരക്ക് അയയ്ക്കുന്ന ആൾ പൊതുവാഹകനെ ഏൽപ്പിച്ചിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള പരിശോധനയുടെയോ സൂക്ഷ്മ പരിശോധനയുടെയോ ചെലവ് ചരക്ക് അയയ്ക്കുന്ന ആൾ വഹിക്കേണ്ടതും അയച്ചചരക്കിന്റെ പരിശോധനയ്ക്കോ സൂക്ഷ്മ പരിശോധനയ്ക്കോ വേണ്ടിയുള്ള തടഞ്ഞുവയ്ക്കൽ വഴി ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ കേടുപാടിനോ കേടാകലിനോ പൊതുവാഹകൻ ഉത്തരവാദിയാകുന്നതല്ലാത്തതുമാണ്:

എന്നാൽ ചരക്ക് അയച്ചുകൊടുക്കൽ നോട്ടിലെ ചരക്കുകളുടെ തെറ്റായ വിവരണം ചരക്ക് അയയ്ക്കുന്ന ആളിൽ നിന്നും ലഭിച്ചിട്ടുള്ളതാണെന്ന് തെളിയിക്കേണ്ട ബാദ്ധ്യത പൊതുവാഹകനാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ തൽസമയം നിലവിലുള്ള ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ ആ നിയമത്തിന്റെ വ്യവസ്ഥകളുടെ പാലിക്കൽ ഉറപ്പുവരുത്തുന്നതിനായി ചരക്കുകളുടെ പരിശോധനയോ സൂക്ഷ്മപരിശോധനയോ നടത്തുന്നതിന് അധികാരം നൽകപ്പെട്ട ഏതെങ്കിലും ആൾ അല്ലെങ്കിൽ അധികാരസ്ഥാനം എന്നർത്ഥമാകുന്നു.

മനുഷ്യജീവന് അപായകരമായതോ അപകടസാദ്ധ്യതാ സ്വഭാവമുള്ളതോ ആയ ചരക്കുകളുടെ കൊണ്ടുപോകലിനുള്ള വ്യവസ്ഥകൾ.

13. (1) മനുഷ്യജീവന് അപായകരമായതോ അപകടസാദ്ധ്യതാ സ്വഭാവമുള്ളതോ ആയ യാതൊരു ചരക്കുകളും അങ്ങനെയുള്ള നടപടിക്രമത്തിന് അനുസൃതമായും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സുരക്ഷാ മുൻകരുതലുകൾ പാലിച്ചതിനുശേഷവുമല്ലാതെ ഒരു പൊതുവാഹകൻ കൊണ്ടുപോകുവാൻ പാടുള്ളതല്ല.

(2) കേന്ദ്രസർക്കാരിന്, ഇതിലേയ്ക്കായി ഉണ്ടാക്കിയ ചട്ടങ്ങൾ വഴി, മനുഷ്യജീവന് അപായകരമായതോ അപകടസാദ്ധ്യതാ സ്വഭാവമുള്ളതോ ആയ ചരക്കുകളും അങ്ങനെയുള്ള ചരക്കുകളുടെ പരിവഹണത്തിന്റെ ഗതിയിൽ മോട്ടോർ വാഹനത്തിലോ അങ്ങനെയുള്ള ചരക്കുകളിലോ വഹിക്കേണ്ടതോ അതിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതോ ആയ ലേബലും അല്ലെങ്കിൽ ലേബലുകളുടെ വിഭാഗവും, വിനിർദ്ദേശിക്കാവുന്നതാണ്.

(3) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ പൊതുവാഹകനും മനുഷ്യജീവന് അപായകരമായതോ അപകടസാദ്ധ്യതാസ്വഭാവമുള്ളതോ ആയ ചരക്കുകൾ ഉൾക്കൊള്ളുന്നതായ ഏതെങ്കിലും അയച്ചചരക്കിന്റെ പരിവഹണം ആരംഭിക്കുന്നതിനു മുൻപ്, ഒരു അപകടമുണ്ടായാൽ ഒരാളിന് ഉണ്ടാകുന്ന മരണത്തിന്റെയോ ക്ഷതിയുടെയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിനോ അയച്ചചരക്കിനോ ഉണ്ടാകുന്ന കേടുപാടിന്റെയോ സംഗതിയിൽ ആശ്വാസം നൽകുന്ന അങ്ങനെയുള്ള ചരക്കുകളെ സംബന്ധിച്ചുള്ള ഒരു ഇൻഷ്വറൻസ് കരാറിൻകീഴിലെ ഒന്നോ അതിലധികമോ ഇൻഷ്വറൻസ് പോളിസികൾ വഴി അയച്ചചരക്ക് പരിരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് സൂക്ഷ്മ പരിശോധന നടത്തേണ്ടതും ഉറപ്പാക്കേണ്ടതുമാണ്.

ചില വിഭാഗത്തിലുള്ള ചരക്കുകളുടെ കൊണ്ടുപോകൽ നിരോധിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം.

14. കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, പൊതുതാൽപര്യത്തിൽ, ഒരു പൊതുവാഹകനാൽ കൊണ്ടുപോകാൻ പാടില്ലാത്തതായ ചരക്കുകളോ അല്ലെങ്കിൽ ചരക്കുകളുടെ വിഭാഗമോ വിഭാഗങ്ങളോ വിനിർദ്ദേശിക്കാവുന്നതാണ്.

ചരക്ക് ഏറ്റുവാങ്ങുന്നയാളുടെ വീഴ്ചയുടെ സംഗതിയിൽ പൊതുവാഹകന്റെ അവകാശം.

15. (1) പൊതുവാഹകൻ നൽകിയ നോട്ടീസിന്റെ തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകമുള്ള ഒരു കാലയളവിനുള്ളിൽ ഏതെങ്കിലും അയച്ച ചരക്ക് ഏറ്റെടുക്കുന്നതിൽ ചരക്ക് ഏറ്റുവാങ്ങുന്നയാൾ വീഴ്ച വരുത്തുകയാണെങ്കിൽ, അങ്ങനെയുള്ള അയച്ച ചരക്ക് അവകാശപ്പെടാത്തതായി കരുതപ്പെടാവുന്നതാണ്:

എന്നാൽ വേഗം കേടുവരുന്ന അയച്ചചരക്കിന്റെ സംഗതിയിൽ മുപ്പത് ദിവസക്കാലയളവ് ബാധകമല്ലാത്തതും നോട്ടീസ് നടത്തിയതിന്റെ ഇരുപത്തിനാല് മണിക്കൂറുകൾക്കകമുള്ള ഒരു കാലയളവിനോ അല്ലെങ്കിൽ പൊതുവാഹകനും ചരക്ക് അയയ്ക്കുന്ന ആളും തമ്മിൽ പരസ്പരം സമ്മതിച്ചേക്കാവുന്ന ഏതെങ്കിലും കുറഞ്ഞ കാലയളവിനോ ശേഷം അയച്ചചരക്ക് അവകാശപ്പെടാത്ത തായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അവകാശപ്പെടാത്ത ഒരു അയച്ച ചരക്കിന്റെ സംഗതിയിൽ, പൊതുവാഹകന്,—

(ക) അങ്ങനെയുള്ള അയച്ചചരക്ക് വേഗം കേടുവരുന്ന സ്വഭാവമുള്ള താണെങ്കിൽ, അയച്ചചരക്ക് വിൽക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്ന താണ്; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള അയച്ചചരക്ക് വേഗം കേടുവരുന്ന സ്വഭാവമുള്ളതല്ലെങ്കിൽ ചരക്ക് ഏറ്റുവാങ്ങുന്നയാൾക്കോ അല്ലെങ്കിൽ ചരക്ക് ഏറ്റുവാങ്ങുന്നയാൾ ലഭ്യമല്ലെങ്കിൽ ചരക്ക് അയയ്ക്കുന്ന ആൾക്കോ നോട്ടീസ് ലഭിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകമുള്ള ഒരു കാലയളവിനുള്ളിൽ ചരക്കുകൾ മാറ്റണമെന്ന് അയാളോട് ആവശ്യപ്പെടുന്ന ഒരു നോട്ടീസ് നടത്തുന്നതിന് ഇടയാക്കാവുന്നതും നോട്ടീസ് അനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഗതിയിൽ, ചരക്ക് ഏറ്റുവാങ്ങുന്നയാൾക്കോ ചരക്ക് അയയ്ക്കുന്ന ആൾക്കോ, അതതുസംഗതിപോലെ, ഏതെങ്കിലും കൂടുതൽ നോട്ടീസ് കൂടാതെ അങ്ങനെ യുള്ള അയച്ചചരക്ക് വിൽക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം വിറ്റുകിട്ടിയ തുകയിൽ നിന്നും, ചരക്ക് കൂലി, സംഭരണത്തിന്റെയും വിൽപനയ്ക്ക് ഉണ്ടായ ചെലവുകൾ ഉൾപ്പെടെയുള്ള കിട്ടേണ്ട മറ്റ് ചാർജ്ജുകൾക്കും തുല്യമായ ഒരു തുക പൊതുവാഹകൻ കൈവശം വയ്ക്കേണ്ടതും അങ്ങനെയുള്ള വിറ്റുകിട്ടിയ തുകയിൽ മിച്ചം, ഏതെങ്കിലും ഉണ്ടെങ്കിൽ, ചരക്ക് ഏറ്റുവാങ്ങുന്നയാൾക്കോ ചരക്ക് അയയ്ക്കുന്ന ആൾക്കോ, അതതുസംഗതിപോലെ, തിരികെ നൽകേണ്ടതുമാണ്.

(4) പൊതുവാഹകനും ചരക്ക് അയയ്ക്കുന്ന ആളും തമ്മിൽ മറ്റ് വിധത്തിൽ സമ്മതിക്കാത്തപക്ഷം, ചരക്കുകൾ ഏറ്റുവാങ്ങുന്ന സമയത്ത് ചരക്ക് ഏറ്റുവാങ്ങുന്നയാൾ പൊതുവാഹകന് ചരക്ക് കൂലിയും മറ്റ് ചെലവുകളും കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഗതിയിൽ, പൊതുവാഹകന് അയാൾക്ക് കിട്ടേണ്ട തുക ഈടാക്കുന്നതിനായി അയച്ച ചരക്ക് ഭാഗികമായോ പൂർണ്ണമായോ തടഞ്ഞുവയ്ക്കുന്നതിനോ വിറ്റഴിക്കുന്നതിനോ അവകാശമുണ്ടായിരിക്കുന്നതാണ്.

16. ഒരു പൊതുവാഹകനെതിരായി അയച്ചചരക്കിന്റെ ഏതെങ്കിലും നഷ്ടത്തിനോ അല്ലെങ്കിൽ കേടുപാടിനോ ഉള്ള വ്യവഹാരം അല്ലെങ്കിൽ മറ്റുള്ള നിയമനടപടി ആരംഭിക്കുന്നതിന് മുൻപ് അയച്ചചരക്കിന്റെ നഷ്ടത്തിന്റെയോ അല്ലെങ്കിൽ കേടുപാടിന്റെയോ ലിഖിതമായ നോട്ടീസ് പൊതുവാഹകന് നടത്താത്തപക്ഷവും അയച്ചചരക്ക് അയയ്ക്കുന്നയാൾ ബുക്ക് ചെയ്ത തീയതി മുതൽ നൂറ്റി എൺപത് ദിവസങ്ങൾക്കകവുമല്ലാതെ യാതൊരു വ്യവഹാരമോ മറ്റുള്ള നിയമനടപടിയോ ആരംഭിക്കുവാൻ പാടുള്ളതല്ല.

ഒരു വ്യവഹാരം ആരംഭിക്കുന്നതിനുള്ള നോട്ടീസ്.

പൊതുവാഹകന്റെ സാമാന്യമായ ചുമതലകൾ.

17. ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, കൊണ്ടുപോകുന്നതിനായി ഒരു പൊതുവാഹകനെ ചുമതലപ്പെടുത്തിയ ഏതെങ്കിലും അയച്ചചരക്കിന്റെ താഴെ പറയുന്ന ഏതെങ്കിലും കാരണത്തിൽ നിന്ന് ഉണ്ടാകുന്നവ ഒഴികെയുള്ള നാശത്തിനും കേടുപാടിനും കേടാകലിനും അയാൾ ഉത്തരവാദിയാകുന്നതാണ്, അതായത്:—

(ക) ദൈവകർമ്മം;

(ഖ) യുദ്ധത്തിന്റെയോ അല്ലെങ്കിൽ പൊതുശത്രുവിന്റെയോ കൃത്യം;

(ഗ) ലഹളകളും ആഭ്യന്തരകലാപങ്ങളും;

(ഘ) അറസ്റ്റ്, തടഞ്ഞുവയ്ക്കൽ അഥവാ നിയമപ്രക്രിയ പ്രകാരമുള്ള പിടിച്ചെടുക്കൽ ;

(ങ) കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിനോ സംസ്ഥാനസർക്കാരിനോ കീഴിലുള്ള അത് ഇതിലേക്കായി പ്രാധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അധികാരസ്ഥാനമോ അനുഷ്ഠിപ്പിക്കുന്ന ക്രമമോ നിയന്ത്രണമോ നിരോധനമോ:

എന്നാൽ പൊതുവാഹകൻ അയച്ചചരക്ക് കൊണ്ടുപോകുന്നതിൽ വേണ്ടത്ര ശുഷ്ക്കാന്തിയും ശ്രദ്ധയും ചെലുത്തിയിരുന്നുവെങ്കിൽ അയച്ച ചരക്കിന്റെ നഷ്ടമോ നാശമോ കേടുപാടോ കേടാകലോ ഏല്പിച്ചു കൊടുക്കാതിരിക്കലോ ഒഴിവാക്കാമായിരുന്നുവെങ്കിൽ അയച്ചചരക്കിന്റെ അങ്ങനെയുള്ള നഷ്ടത്തിനോ നാശത്തിനോ കേടുപാടിനോ കേടാകലിനോ ഏൽപ്പിച്ചുകൊടുക്കാതിരിക്കലിനോ ഉള്ള അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും പൊതുവാഹകനെ വിമുക്തനാക്കുവാൻ പാടുള്ളതല്ല.

രജിസ്റ്റർ ചെയ്യാതിരിക്കലും അപായകരമോ അപകടസാദ്ധ്യതാസ്വഭാവമുള്ളതോ നിരോധിക്കപ്പെട്ടതോ ആയ ചരക്കുകളുടെ കൊണ്ടുപോകലുമായി ബന്ധപ്പെട്ട ഉല്ലംഘനങ്ങൾക്കുള്ള ശിക്ഷ.

18. (1) 3-ാം വകുപ്പിന്റെയോ, 13-ാം വകുപ്പിന്റെയോ 14-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിന്റെയോ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും ആദ്യത്തെ കുറ്റത്തിന് അയ്യായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും രണ്ടാമത്തെ അല്ലെങ്കിൽ തുടർന്നുള്ള കുറ്റത്തിന് പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം കുറ്റം ചെയ്യുന്ന ആൾ ഒരു കമ്പനി ആണെങ്കിൽ, കുറ്റം ചെയ്തിട്ടുള്ള സമയത്ത്, കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി അതിന്റെ ചുമതല വഹിച്ചിരുന്നതും കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഏതൊരാളും കൂടാതെ കമ്പനിയും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കപ്പെടുവാനും അതനുസരിച്ച് ശിക്ഷിക്കപ്പെടുവാനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവു കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുന്നതിന് താൻ വേണ്ടത്ര എല്ലാ ശുഷ്ക്കാന്തിയും അയാൾ ചെലുത്തിയെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അല്ലെങ്കിൽ മറ്റുദ്യോഗസ്ഥന്റെയോ സമ്മതത്തോടു

കൂടിയോ അല്ലെങ്കിൽ മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ളതാണെന്നു കരുതാവുന്ന ഏതെങ്കിലും ഉപേക്ഷയാലാണെന്നോ തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റുദ്യോഗസ്ഥനോ എതിരായി നടപടിയെടുക്കപ്പെടേണ്ടതും അതനുസരിച്ച് ശിക്ഷിക്കപ്പെടേണ്ടതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യത്തിനായി,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും ;

(ഖ) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

**കുറ്റങ്ങളുടെ രാജിയാക്കൽ.**

19. (1) 18-ാം വകുപ്പുപ്രകാരം ചെയ്ത ഏതെങ്കിലും കുറ്റവും, പ്രോസിക്യൂഷന്റെ ആരംഭത്തിനുമുൻപോ അതിനുശേഷമോ, സംസ്ഥാനസർക്കാർ ഔദ്യോഗികഗസറ്റിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരാലും അല്ലെങ്കിൽ അധികാരസ്ഥാനങ്ങളാലും അങ്ങനെയുള്ള തുകയ്ക്കും രാജിയാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കുറ്റം രാജിയാക്കപ്പെട്ടിട്ടുള്ളിടത്ത്, കുറ്റക്കാരനെ വിമുക്തനാക്കേണ്ടതും അങ്ങനെയുള്ള കുറ്റം സംബന്ധിച്ച് അയാൾക്കെതിരെ യാതൊരു തുടർനടപടികളും എടുക്കുവാൻ പാടില്ലാത്തതുമാണ്.

**ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.**

20. (1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്,—

(ക) 4-ാം വകുപ്പ്, (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം പ്രധാന ആഫീസിനോ ശാഖാ ആഫീസിനോ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷ നൽകുന്നതിനുള്ള ഫാറവും രീതിയും അതിന്റെ ഫീസും;

(ഖ) 4-ാം വകുപ്പ്, (4)-ാം ഉപവകുപ്പിന്റെ (ഘ) ഖണ്ഡപ്രകാരം ഒരു അപേക്ഷകനാൽ നിറവേറ്റാൻ ആവശ്യപ്പെട്ടിട്ടുള്ള അർഹതയ്ക്കുള്ള മറ്റ് ഉപാധികൾ;

(ഗ) 4-ാം വകുപ്പ്, (5)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ പുതുക്കൽ സർട്ടിഫിക്കറ്റോ നൽകാവുന്നത് ഏതു ഫാറത്തിലും ഏതൊക്കെ ഉപാധികൾക്ക് വിധേയമായാണെന്നും ;

(ഘ) 4-ാം വകുപ്പ്, (7)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡപ്രകാരം വച്ചുപോരേണ്ടതായ ഒരു രജിസ്റ്ററിന്റെ ഫാറവും രീതിയും;

(ങ) 4-ാം വകുപ്പ്, (7)-ാം ഉപവകുപ്പിന്റെ (ക) ഖണ്ഡപ്രകാരം രജിസ്റ്ററിംഗ് അതോറിറ്റിക്കും ഗതാഗതഗവേഷണവിഭാഗത്തിനും നൽകാവുന്ന വിവരങ്ങളും റിട്ടേണും;

(ച) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ മെമ്മോറാണ്ടം സമർപ്പിക്കുന്നതിനുള്ള ഫീസ്;

(ഛ) 8-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം ചരക്ക് അയയ്ക്കുന്ന ആൾ ഒരു ചരക്ക് അയച്ചുകൊടുക്കൽ നോട്ട് ഒപ്പിട്ട് പൂർത്തീകരിക്കേണ്ടത് ഏത് ഫാറത്തിലും രീതിയിലുമാണെന്ന്;

(ജ) 9-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പൊതുവാഹകൻ ചരക്കുരസീത് നൽകേണ്ടത് ഏത് ഫാറത്തിലും രീതിയിലുമാണെന്ന്;

(ഝ) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും അയച്ചചരക്കിന്റെ നഷ്ടത്തിനോ കേടുപാടിനോ പൊതുവാഹകനുള്ള ബാദ്ധ്യത;

(ഞ) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അപായകരമായതോ അപായസ്വഭാവമുള്ളതോ ആയ ചരക്കുകൾ കൊണ്ടുപോകുന്നതിന് പാലിക്കേണ്ട നടപടിക്രമവും സുരക്ഷാ മുൻകരുതലുകളും;

(ട) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം മനുഷ്യജീവന് അപായകരമായതോ അപകടസാദ്ധ്യതാസ്വഭാവമുള്ളതോ ആയ ചരക്കുകളുടെ ഇനം തിരിച്ചുള്ള വിവരണവും അവയുടെ പരിവഹണത്തിന്റെ ഗതിയിൽ മോട്ടോർ വാഹനത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള ചരക്കുകളിലോ വഹിക്കേണ്ടതോ പ്രദർശിപ്പിക്കേണ്ടതോ ആയ ലേബലോ ലേബലുകളുടെ വിഭാഗമോ;

(ഠ) നിർണ്ണയിക്കപ്പെടണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഒരോ ചട്ടവും 14-ാം വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും, അത് ഉണ്ടാക്കിയശേഷം അല്ലെങ്കിൽ പുറപ്പെടുവിച്ചശേഷം, ആകുന്നത്രവേഗം പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ, തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ്, ഇരുസഭകളും ആ ചട്ടത്തിലോ വിജ്ഞാപനത്തിലോ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ വിജ്ഞാപനമോ ഉണ്ടാക്കരുതെന്നതിൽ അല്ലെങ്കിൽ പുറപ്പെടുവിക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിനോ വിജ്ഞാപനത്തിനോ, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻ കീഴിലോ വിജ്ഞാപനത്തിൻകീഴിലോ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.

21. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് ഏതെങ്കിലും വിഷമതകൾ ഉണ്ടാകുന്നപക്ഷം, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും വിഷമത നീക്കം ചെയ്യാൻ ആവശ്യമോ ഉചിതമോ ആണെന്ന് തോന്നുന്നതുമായ അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്: വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ട് വർഷം കഴിഞ്ഞ ശേഷം, ഈ വകുപ്പിൻകീഴിൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്രവേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

22. (1) 1865-ലെ കാരിയേഴ്സ് ആക്റ്റ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. റദ്ദാക്കലും ഒഴിവാക്കലും. 1865-ലെ 3

(2) 1865-ലെ കാരിയേഴ്സ് ആക്റ്റ് റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ആക്റ്റിൻകീഴിൽ ചെയ്ത എന്തെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അങ്ങനെയുള്ള കാര്യമോ നടപടിയോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തിടത്തോളം, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതും ഈ ആക്റ്റിൻ കീഴിൽ ചെയ്ത എന്തെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ വഴി അതിലംഘിക്കപ്പെടുന്നതുവരെ അതനുസരിച്ച് പ്രാബല്യത്തിൽ തുടരുന്നതുമാണ്. 1865-ലെ 3

(3) ഈ വകുപ്പിലെ പ്രത്യേകകാര്യങ്ങളെക്കുറിച്ചുള്ള പരാമർശം, 1897-ലെ സാമാന്യഖണ്ഡങ്ങൾ ആക്റ്റിലെ റദ്ദാക്കലുകളുടെ പ്രഭാവത്തെ സംബന്ധിച്ചുള്ള 6-ാം വകുപ്പിന്റെ പൊതുബാധകതയ്ക്ക് ഭംഗം വരുത്തുകയോ ബാധിക്കുകയോ ചെയ്യുന്നതിനായി പരിഗണിക്കുവാൻ പാടുള്ളതല്ല. 1897-ലെ 10

# THE CARRIAGE BY ROAD ACT, 2007

## (Act No. 41 of 2007)

# റോഡുവഴി ചരക്കു കൊണ്ടുപോകൽ ആക്റ്റ്, 2007

## (2007-ലെ 41-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Carriage | ചരക്ക് കൊണ്ടുപോകൽ | Short Title |
| 2. | Common carrier | പൊതുവാഹകൻ | Sn. 2 (a) |
| 3. | Consignment | അയച്ച ചരക്ക് | Sn. 2 (c) |
| 4. | Consignee | ചരക്ക് ഏറ്റുവാങ്ങേണ്ട ആൾ | Sn. 2 (b) |
| 5. | Consignor | ചരക്ക് അയയ്ക്കുന്ന ആൾ | Sn. 2 (d) |
| 6. | Correspondingly | ക്രമാനുഗതമായി | Sn. 11 |
| 7. | Diligence | ശുഷ്ക്കാന്തി | Sn. 17 Proviso |
| 8. | Goods carriages | ചരക്ക് വാഹനങ്ങൾ | Sn. 2 (a) |
| 9. | Goods forwarding note | ചരക്ക് അയച്ചുകൊടുക്കൽ നോട്ട് | Sn. 2 (f) |
| 10. | Incumbent | അവശ്യകർത്തവ്യം | Sn. 5 (6) |